File No.LSGD-EPA2/39/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിൽ താൽക്കാലിക സ്വീപ്പറായി ജോലി ചെയ്തിരുന്ന ശ്രീമതി. വിലാസിനിയെ പാർട്ട് ടൈം മാർക്കറ്റ് സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2208/2020/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 24/11/2020

---

പരാമർശം:- 1 സ.ഉ(പി) 501/2005/ഫിൻ തീയതി. 25.11.2005

2 ബഹു.കേരളാ ഹൈക്കോടതിയുടെ 01.02.2008ലെ WP(C) 29556/2004 നം. വിധിന്യായം

3 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 14.10.2019 ലെ ഒ.എ 89/2015 നം. ഉത്തരവ്

4 പഞ്ചായത്ത് ഡയറക്ടറുടെ PAN/10288/2019-E5(DP) നം. കത്ത്

<u>ഉത്തരവ്</u>

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിൽ താൽക്കാലിക സ്വീപ്പറായി ജോലി ചെയ്തിരുന്ന ശ്രീമതി. വിലാസിനിയുടെ സേവനം ക്രമവൽക്കരിക്കണമെന്ന ആവശ്യം നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം പരിശോധിക്കാൻ പരാമർശം (2) ലെ വിധിന്യായത്തിൽ നിർദേശിച്ചിരുന്നതായും പ്രസ്തുത വിധിന്യായം നടപ്പിലാക്കുന്നതിന് എതിർകക്ഷികൾക്ക് നിർദേശം നൽകണമെന്ന് ആവശ്യപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീമതി. വിലാസിനി ഫയൽ ചെയ്ത ഹർജിയിലെ പരാമർ ശം (3) ഉത്തരവിൽ പരാതിക്കാരി ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കുന്ന പക്ഷം ഒന്നാം എതിർകക്ഷിയായ പഞ്ചായത്ത് ഡയറക്ടർ പ്രസ്തുത വിഷയം പരിഗണിച്ച് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കാൻ നിർദേശിച്ച് തീർപ്പാക്കിയിരുന്നു. തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിൽ നിലവിൽ 521.84 സ്ക്വയർ മീറ്റർ സ്വീപ്പിംഗ് ഏര്യ ആണുള്ളത്. മാർക്കറ്റ് സ്വീപ്പിംഗ് ഏര്യ പരിഗണിച്ചും അപേക്ഷക സീനിയർ സിറ്റിസൺ ആയതുകൊണ്ടും എസ്.സി വിഭാഗത്തിൽപ്പെട്ടതായതുകൊണ്ടുമുള്ള പരിഗണന നൽകി പാർട്ട് ടൈം മാർക്കറ്റ് സ്വീപ്പറിന്റെ തസ്തിക സൃഷ്ടിക്കാവുന്നതാണെന്നും 1997 മുതൽ 30.04.2004 വരെ അപേക്ഷക ടി പഞ്ചായത്തിൽ ദിവസവേതനത്തിൽ ജോലി ചെയ്തിരുന്നതായും 2004 ൽ പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിക്രമപ്രകാരം ടിയാരിയെ പിരിച്ച് വിട്ടതായും 2011 മുതൽ കാഷ്വൽ സ്വീപ്പറായി ടിയാരി വീണ്ടും ജോലി ചെയ്യുന്നതായും ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ വസ്തുതാ വിവരണ പത്രികയിൽ വ്യക്തമാക്കിയിട്ടുള്ളതായും പരാമർശം(2),(3) കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരാമർ ശം ( 1 ) സർക്കാർ ഉത്തരവ് പ്രകാരം അപേക്ഷകയുടെ സർവീസ് ക്രമവൽക്കരിക്കുന്നത് പരിഗണിക്കാവുന്നതാണെന്നും ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവിൽ ഒന്നാം എതിർകക്ഷിയായ പഞ്ചായത്ത് ഡയറക്ടർ അപേക്ഷകയുടെ വിഷയത്തിൽ തീരുമാനം കൈക്കൊള്ളുവാൻ ഉത്തരവായെങ്കിലും തസ്തിക സൃഷ്ടിക്കൽ, ക്രമവൽക്കരണം എന്നിവയിൽ തീരുമാനമെടുക്കേണ്ടത് സർക്കാരായതിനാൽ ടി വിഷയത്തിലുള്ള തുടർനടപടിക്കായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു.

പരാമർ ശം (2) ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിൽ ഒന്നാം കക്ഷിയായ തൈക്കാട്ടുശ്ശേരി പഞ്ചായത്ത് സെക്രട്ടറിയോട് താഴെ പറയും പ്രകാരം നിർദേശിച്ചിരുന്നു.

"..... petitioners approached this court aggrieved by the steps taken by the Panchayat terminating them from the post of Part Time Sweeper. There will be a direction to the first respondent to look into the grievance of the petitioners in the light of the government order recently issued regarding regularisation. This shall be done within a period of two months from the date of production of a copy of this judgment. The writ petition is disposed of as above"

പരാമർശം (3) ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിൽ ഒന്നാം കക്ഷിയായ പഞ്ചായത്ത് ഡയറക്ടറോട് താഴെ പറയും പ്രകാരം നിർദേശിച്ചു.

".....The Orignal Application is closed with a direction to the first respondent to consider the matter and issue necessary orders, if the applicant produces a certified copy of this order......"

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഉത്തരവ് തീയതിയിൽ സേവനത്തിലുണ്ടായിരുന്ന കാഷ്വൽ സ്വീപ്പേഴ്സാണ് ക്രമവൽക്കരണത്തിന് അർഹരായിട്ടുള്ളത്. ശ്രീമതി വിലാസിനിയെ 2004 ൽ പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിക്രമപ്രകാരം പിരിച്ച് വിട്ടതായും 2011 മുതൽ കാഷ്വൽ സ്വീപ്പറായി ടിയാരി വീണ്ടും ജോലി ചെയ്യുന്നതായും അറിയിച്ചിരിക്കുന്നു. കൂടാതെ മാർക്കറ്റ്, റോഡ് സ്വീപ്പർമാർ പരാമർശം (1) ലെ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ പാർട്ട് ടൈം മാർക്കറ്റ് സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി വിലാസിനിയെ സ്ഥിരപ്പെടുത്താൻ കഴിയില്ല.

മേൽ സാഹചര്യത്തിൽ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിൽ താൽക്കാലിക സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീമതി. വിലാസിനിയെ പാർട്ട് ടൈം മാർക്കറ്റ് സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

ശ്രീമതി. വിലാസിനി, താൽക്കാലിക സ്വീപ്പർ, തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്

ആലപ്പുഴ ജില്ല. ( പഞ്ചായത്ത് ഡയറക്ടർ മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ ജില്ല.( പഞ്ചായത്ത് ഡയറക്ടർ മുഖേന)

സെക്രട്ടറി, തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല.( പഞ്ചായത്ത് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ധനകാര്യ വകുപ്പ്(DEV-1/105/2020-FIN തീയതി 28.9.2020)

ഐ&പിആർഡി -വെബ് & ന്യൂ മീഡിയ

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/39/2020-LSGD ) / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Danujoll

സെക്ഷൻ ഓഫീസർ